**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **24-02-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരപ്രദേശങ്ങളായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിലെയും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലേയും, കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലെ ഓച്ചിറ പദ്ധതിയുടെ ഭാഗമായ മാവേലിക്കര കണ്ടിയൂർ കടവിലുള്ള ഇൻടേക്ക് വെൽ പമ്പ് ഹൗസിൽ 300 എച്ച് പി ശേഷിയുള്ള പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 90%-ഉം പൂർത്തിയായിട്ടുള്ളതിനാൽ ഉടൻ തന്നെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കുലശേഖരപുരം പഞ്ചായത്തിലെ തീരദേശ മേഖലകളിൽ ആവശ്യാനുസരണം കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാല് കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇവയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും ഉടൻ തന്നേ നിർമ്മാണം ആരംഭിക്കുന്നതുമാണ് . മറ്റ് മൂന്ന് കുഴൽ കിണറുകളുടെ നിർമ്മാണത്തിനുള്ള പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ വടക്കൻ മേഖലയിലെ 1 മുതൽ 4 വരെ വാർഡുകളിൽ ഓച്ചിറ ശുദ്ധീകരണ ശാലയിൽ നിന്നും നേരിട്ട് ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തി "റീബിൾഡ് കേരള പദ്ധതിയിൽ" ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. നഗരത്തിലെ എല്ലാ |

| | | | |
|---|---|---|---|
| | | | വീട്ടുകളിലും ശുദ്ധജലം മതിയായ അളവിൽ ലഭ്യമാക്കുകയെന്നത് ലക്ഷ്യമിട്ടുകൊണ്ട് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ശുദ്ധജല പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈകൊണ്ടു വരുകയും ചെയ്യുന്നു. |
| (ബി) | ഇതിനായി നിലവിലുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരപ്രദേശങ്ങളായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിലെയും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലേയും, കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലെ ഓച്ചിറ പദ്ധതിയുടെ ഭാഗമായ മാവേലിക്കര കണ്ടിയൂർ കടവിലുള്ള ഇൻടേക്ക് വെൽ പമ്പ് ഹൗസിൽ 300 എച്ച് പി ശേഷിയുള്ള പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 90%-ഉം പൂർത്തിയായിട്ടുള്ളതിനാൽ ഉടൻ തന്നെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കുലശേഖരപുരം പഞ്ചായത്തിലെ തീരദേശ മേഖലകളിൽ ആവശ്യാനുസരണം കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാല് കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇവയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും ഉടൻ തന്നേ നിർമ്മാണം ആരംഭിക്കുന്നതുമാണ് . മറ്റ് മൂന്ന് കുഴൽ കിണറുകളുടെ നിർമ്മാണത്തിനുള്ള പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ വടക്കൻ മേഖലയിലെ 1 മുതൽ 4 വരെ വാർഡുകളിൽ ഓച്ചിറ ശുദ്ധീകരണ ശാലയിൽ നിന്നും നേരിട്ട് ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തി "റീബിൾഡ് കേരള പദ്ധതിയിൽ" ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. നഗരത്തിലെ എല്ലാ വീട്ടുകളിലും ശുദ്ധജലം മതിയായ അളവിൽ ലഭ്യമാക്കുകയെന്നത് ലക്ഷ്യമിട്ടുകൊണ്ട് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ശുദ്ധജല പദ്ധതികൾ വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്ത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈകൊണ്ടു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പഞ്ചായത്ത്** | **ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം (2020-21, 2021-2022)** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** |
|---|---|---|
| ആലപ്പാട് | 100 | 133.00 |
| ക്ലാപ്പന | 2057 | 449.00 |
| കുലശേഖരപുരം | 13054 | 7,849.00 |
| ഓച്ചിറ | 6547 | 1,090.00 |
| തഴവ | 11838 | 6,852.00 |
| തൊടിയൂർ | 12149 | 7043 |